കേൾക്കേണ്ട ശബ്ദം:

ഹിന്ദുവിന്റെ പേരിൽ ഊറ്റം കൊള്ളുന്നവർ അവർണനെ ക്ഷേത്ര പൂജക്ക് അനുവദിക്കുന്നില്ല.

-വെള്ളാപ്പള്ളി നടേശൻ

സത്യം സമ്പുഷ്ടം സ്വതന്ത്രം

മക്തബ്

1194 കന്നി 24 1440 മുഹറം 30

സമരത്തിലൂടെയാണ് ബദൽ ഉയർന്നുവരിക

അഞ്ച് സംസ്ഥാനങ്ങളിലെ നിയമസഭ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിന് പിറകേ തന്നെ പ്രതിപക്ഷ കക്ഷികളിലെ അനൈക്യവും മറനീക്കി പുറത്തുവന്നിരിക്കുകയാണ്. മധ്യപ്രദേശിൽ കോൺഗ്രസുമായി സഖ്യത്തിനില്ലെന്ന് ബി.എസ്.പി പ്രഖ്യാപിച്ചുകഴിഞ്ഞു. അതിന് പിറകേ അഖിലേഷ് യാദവിന്റെ എസ്.പിയും കോൺഗ്രസിനെ വിമർശിച്ച് രംഗത്തുവന്നുകഴിഞ്ഞു. തിരഞ്ഞെടുപ്പിന് മുന്നെ തന്നെ ഇതാണ് അവസ്ഥ. പിന്നെ എങ്ങനെയാണ് നരേന്ദ്രമോദിക്ക് എതിരെ വിശാല പ്രതിപക്ഷ സഖ്യം വളർത്തിയെടുക്കാൻ കഴിയുക.

പരസ്പര വിശ്വാസവും ബഹുമാനവും ഇല്ലാത്തവരാണ് പ്രതിപക്ഷ കക്ഷികൾ. അധികാരം മാത്രമാണ് ലക്ഷ്യം. അതിനുവേണ്ടി എന്ത് വേഷവും കെട്ടും. ഇടതുകക്ഷികളെ മാറ്റി നിർത്തിയാൽ, എന്തൊക്കെ തകരാറുകളുണ്ടെങ്കിലും ബി.ജെ.പിയുമായി ഇതുവരെയും സഖ്യത്തിന് തയ്യാറാകാതിരുന്ന പാർട്ടി ലാലുപ്രസാദ് യാദവിന്റെ ആർ.ജെ.ഡി മാത്രമാണ്. ബി.എസ്.പി, സമാജ്‌വാദി പാർട്ടി, ജനതാദൾ-എസ്, എൻ.സി.പി. തുടങ്ങിയ കക്ഷികൾ ബി.ജെ.പിയുമായി സഖ്യത്തിലേർപ്പെട്ടവരാണ്. ഏത് നിമിഷവും ബി.ജെ.പി മുന്നണിയിൽ ചേരാനും ഈ പാർട്ടികൾ എല്ലാം തയ്യാറായേക്കും.

പ്രതിപക്ഷത്തെ ഇപ്പോഴത്തെ പ്രശ്നം മോദിയെ താഴെയിറക്കിയാൽ ആര് പ്രധാനമന്ത്രിയാകും എന്നതാണ്. രാഹുലിനും മായാവതിക്കും അഖിലേഷ് യാദവിനും ശരദ്പവാറിനും ഒക്കെ പ്രധാനമന്ത്രിയാകണം. അത്രയേ പ്രശ്നമുള്ളൂ. പ്രതിപക്ഷ ഐക്യം എന്നതിനും അത്രയേ അർത്ഥമുള്ളൂ.

നരേന്ദ്രമോദി സർക്കാർ അധികാരത്തിൽ തിരിച്ചുവരരുത് എന്ന് പറയുന്നത് അത് ഫാസിസവൽക്കരണത്തിന് ആക്കം കൂട്ടുന്ന സർക്കാരാണ് എന്നത് കൊണ്ടാണ്. ഇന്ത്യൻ ഫാസിസത്തിന്റെ പ്രത്യയശാസ്ത്ര അടിത്തറ സവർണ്ണ ഹൈന്ദവീകതയാണ്. എന്നാൽ അത് സവർണ്ണ പ്രത്യയശാസ്ത്രത്തെ ആശ്രയിക്കുന്നത് സാമ്രാജ്യത്ത മൂലധനത്തിന്റെ സുഗമമായ ഒഴുക്കിനാണ്. മൂന്നാം കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിൽ റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവ് ദിമിത്രോവ്, ഫാസിസം എന്നത് സാമ്രാജ്യത്ത മൂലധനത്തിന്റെ പ്രതിസന്ധിയിൽ നിന്ന് ഉടലെടുക്കുന്നതാണെന്ന് നിരീക്ഷിക്കുകയുണ്ടായി. ലോകാനുഭവം അത് ശരിവെക്കുന്നതാണ്. സോവിയറ്റ്‌യൂനിയന് ശേഷം സോഷ്യലിസ്റ്റ് വിപ്ലവം നടക്കുന്ന അടുത്ത രാജ്യമെന്ന് പ്രതീക്ഷിച്ചിരുന്ന ജർമ്മനിയിലാണ് ഫാസിസത്തിന്റെ കൊടിയേറ്റം നടന്നത്. തീർച്ചയായും അത് സോഷ്യലിസ്റ്റ് വിപ്ലവത്തിന് തടയിടാൻ വേണ്ടിയായിരുന്നു. ഹിറ്റ്ലറുടെ പാർട്ടിയുടെ പേര് നാഷണൽ സോഷ്യലിസ്റ്റ് എന്നായിരുന്നു. ജർമ്മിനിക്ക് ദേശീയമായ സോഷ്യലിസ്റ്റ് വ്യവസ്ഥയാണ് വേണ്ടതെന്നായിരുന്നു ഹിറ്റ്ലറുടെ നിലപാട്. കമ്മ്യൂണിസം എന്നത് വൈദേശികമാണ് എന്നതായിരുന്നു അതിന്റെ മറുവശം.

ഈയൊരു വസ്തുത ഫാസിസ്റ്റ് വിരുദ്ധമുന്നണി എന്നത് കേവലമൊരു തിരഞ്ഞെടുപ്പ് സഖ്യമല്ലെന്ന വസ്തുതയിലേക്കാണ് വിരൽചൂണ്ടുന്നത്. ഫാസിസത്തെ എതിർക്കുക എന്നതിനർത്ഥം സാമ്രാജ്യത്ത ആശ്രിത സമ്പദ്‌വ്യവസ്ഥയോട് കണക്ക് തീർക്കുക എന്നതാണ്. ദേശീയതയുടെയും നാഷണൽ സോഷ്യലിസത്തിന്റെയും പേരിൽ സാമ്രാജ്യത്ത മൂലധന വ്യാപനം എങ്ങനെ ഹിറ്റ്ലർ നടപ്പിലാക്കിയോ (തീർച്ചയായും അമേരിക്കയും ബ്രിട്ടനും ഫ്രാൻസുമായി ജർമ്മിനിക്ക് വൈരുദ്ധ്യങ്ങളുണ്ടായിരുന്നു. എന്നാൽ "കമ്മ്യൂണിസ്റ്റ് ദുർഭൂത"ത്തെ അകറ്റി നിർത്താൻ ഏറ്റവുമേറെ സഹായിച്ചിട്ടുമുണ്ട്) അതിനെക്കാൾ പതിൻമടങ്ങ് സാമ്രാജ്യത്ത പാദസേവയാണ് ഇന്ത്യയിൽ മോദി നടപ്പിലാക്കുന്നത്. അതിനെ ജനപക്ഷ സമരം കൊണ്ടേ നേരിടാനാകൂ.

ഇന്ത്യയിൽ സമീപകാലത്ത് അത്തരം സമരങ്ങളുടെ കടന്നുവരവ് ദൃശ്യമായിരുന്നു. അതിലൊന്ന് സി.പി.എം കർഷക സംഘടന നേതൃത്വത്തിൽ മഹാരാഷ്ട്രയിൽ നടന്ന കർഷക പ്രക്ഷോഭമായിരുന്നു. രണ്ടാമത്തേത് ഭാരതീയ കിസാൻ യൂനിയന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ ദിവസം ഡൽഹിയിലേക്ക് ആരംഭിച്ച കർഷക മാർച്ചായിരുന്നു. (കേന്ദ്ര സർക്കാർ നടത്തിയ ചർച്ചയെ തുടർന്ന് മാർച്ച് ഡൽഹിയിലേക്ക് പ്രവേശിക്കാതെ അവസാനിപ്പിച്ചു). യഥാർത്ഥത്തിൽ ഭരണാധികാരികളെ പിടിച്ചുലച്ചിരുന്നു ഈ മാർച്ചുകൾ. അത് നരേന്ദ്രമോദി സർക്കാർ നടപ്പിലാക്കുന്ന നവ ഉദാരവൽക്കരണ നയങ്ങളുടെ ഇരകളായി തീർന്ന വിഭാഗങ്ങളുടെ സംഘടിക്കലായിരുന്നു.

സവർണ്ണ പ്രത്യയശാസ്ത്രം അരികുകളിലേക്ക് വലിച്ചെറിഞ്ഞ ദളിതുകളുടെ മുന്നേറ്റമാണ് എടുത്തു പറയേണ്ടുന്ന മറ്റൊരു കാര്യം. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ജിഗ്നേഷ് മേവാനിയുടെ നേതൃത്വത്തിൽ ഉയർന്നുവന്ന ദളിത്ശക്തി, ഇന്ത്യയിലെ ഒട്ടേറെ സർവ്വകലാശാലകളിൽ ദളിത് വിദ്യാർത്ഥി മുന്നേറ്റം, അത് പുതിയൊരു രാഷ്ട്രീയത്തെ അടയാളപ്പെടുത്തുന്നുണ്ട്. അതിനെ ഭരണാധികാരികൾ എന്തുമാത്രം ഭയപ്പെടുന്നുവെന്നതിന്റെ ലക്ഷണമായിരുന്നു മഹാരാഷ്ട്രയിൽ കൊറേഗാവ് യുദ്ധത്തിന്റെ 200-ാം വാർഷിക സ്മരണ പുതുക്കാൻ ഒത്തുചേർന്ന ദളിതുകളെ മറാഠി ബ്രാഹ്മണ ഗുണ്ടാപ്പടയും സർക്കാരും ചേർന്ന് നേരിട്ടത്. അതിന്റെ പേരിൽ വരവരാവു ഉൾപ്പെടെയുള്ള മനുഷ്യാവകാശ പ്രവർത്തകരെ വേട്ടയാടുന്നത്.

ഇത്തരം പുതിയ സമരശക്തികളാണ് ഫാസിസ്റ്റ് രാഷ്ട്രീയത്തെയും അതിന്റെ സമൂഹ്യ-സാമ്പത്തിക വ്യവസ്ഥയെയും പ്രതിരോധിക്കുക. അതുകൊണ്ട് നവലിബറൽ നയങ്ങളുടെ ഇരകളായി തീരുന്ന തൊഴിലാളികളുടെയും കർഷകരുടെയും ദളിതുകളുടെയും ഒക്കെ സമരശേഷി കെട്ടഴിച്ചുവിടുകയാണ് വേണ്ടത്.

സർക്കാർ ഭീഷണി തുടർന്നാൽ അധ്യാപകർ നിസഹകരണത്തിന് നിർബന്ധിതരാകും: കെ.പി.എസ്.ടി.എ

കണ്ണൂർ: സാലറി ചാലഞ്ചിന്റെ പേരിൽ നിരന്തരം ഭീഷണിപ്പെടുത്തുന്ന സംസ്ഥാന സർക്കാർ തീരുമാനം മാറ്റിയില്ലെങ്കിൽ അക്കാദമിക്ക് ഇതര പ്രവർത്തനങ്ങളിൽ നിന്ന് അധ്യാപകർ വിട്ടു നിൽക്കുമെന്ന് കെ.പി.എസ്.ടി.എ നേതാക്കൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. അധ്യാപക സമൂഹത്തെ ആക്ഷേപിക്കുന്ന നിലപാടാണ് സർക്കാർ കൈക്കൊള്ളുന്നത്. കരിവെള്ളൂരും മൊറാഴയിലും ഉൾപ്പെടെ പാർട്ടി സ്വാധീനമുള്ള മേഖലകളിൽ പ്രാദേശിക പാർട്ടി ഭാരവാഹികളും പി.ടി.എ ഭാരവാഹികളും അധ്യാപകരെ മാനസികമായി പീഡിപ്പിക്കുകയാണ്. ഭരണാനുകൂല സംഘടനാ അംഗത്തെപ്പോലും കാല് തല്ലിയൊടിക്കുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തുന്നു. വിദ്യാലയങ്ങളിൽ പഠന പ്രവർത്തനത്തിന് ഇത് തടസമാകുകയാണ്. ഈ പശ്ചാത്തലത്തിലാണ് അക്കാദമിക് ഇതര പ്രവർത്തനങ്ങളിൽ നിൽക്കുന്നതിന് നിർബന്ധിതരാകുന്നതെന്ന് ഭാരവാഹികൾ ചൂണ്ടിക്കാട്ടി. സംസ്ഥാന വൈസ് പ്രസിഡണ്ട് കെ.സി.രാജൻ, സെക്രട്ടറി കെ.സുനിൽകുമാർ, ജില്ലാ ഭാരവാഹികളായ കെ.രമേശൻ, വി.മണികണ്ഠൻ, യു.എൻ. സത്യചന്ദ്രൻ വാർത്താസമ്മേളനത്തിൽ സംബന്ധിച്ചു.

കീഴാറ്റൂർ തോട്ടിലെ മാലിന്യ പ്രശ്നം ഒരാഴ്ച കൊണ്ട് പരിഹരിക്കുമെന്ന് നഗരസഭ

തളിപ്പറമ്പ: കീഴാറ്റൂർ തോട്ടിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ ഒരാഴ്ച കൊണ്ട് നീക്കം ചെയ്യുമെന്ന് നഗരസഭ വ്യക്തമാക്കി. കഴിഞ്ഞ ദിവസം നഗരസഭ ഉദ്യോഗസ്ഥർ തോട്ടിൽ പരിശോധന നടത്തിയ ശേഷമാണ് ഉറപ്പ് നൽകിയത്. കീഴാറ്റൂർ മുതൽ കൂവോട് വരെയുള്ള തോട് ജനകീയ പങ്കാളിത്തത്തോടെ ശുചീകരിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് നഗരസഭ വ്യക്തമാക്കി.

കീഴാറ്റൂർ തോട്ടിലെ മാലിന്യപ്രശ്നം പരിഹരിച്ചില്ലെങ്കിൽ മാലിന്യങ്ങൾ നഗരസഭ കാര്യാലയത്തിൽ കൊണ്ടിടുമെന്ന് വയൽക്കിളികൾ മുന്നറിയിപ്പ് നൽകിയിരുന്നു. മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് സി.പി.എം കീഴാറ്റൂർ വടക്ക് ബ്രാഞ്ച് സെക്രട്ടറി നഗരസഭ ചെയർമാന് നിവേദനം നൽകിയിരുന്നു.

ബാലഭാസ്കർ അനുസ്മരണം

ശ്രീകണ്ഠാപുരം: വയക്കര ചിന്ത ക്ലബ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ബാലഭാസ്കർ അനുസ്മരണം നടത്തി. ലൈബ്രറി ഹാളിൽ നടന്ന പരിപാടിയിൽ പ്രസിഡണ്ട് കെ.കെ.കൃഷ്ണൻ അധ്യക്ഷത വഹിച്ചു. ആർ. കെ ആദർശ്, വി.കെ.രാജീവൻ, ഡോ. ടി.കെ പ്രസാദ്, ആർ.കെ മാധവൻ, പി. ഗോവിന്ദൻ, പി.പി ശ്രീനിവാസൻ സംസാരിച്ചു. ബാലഭാസ്കറിനെ അനുസ്മരിച്ചുകൊണ്ട് ചന്ദന കൃഷ്ണൻ വയലിൻ സോളോയും ലൈബ്രേറിയൻ ഇ. രശ്മി കൊളാഷും അവതരിപ്പിച്ചു.

ഒക്ടോബർ 8
സി. പത്മനാഭൻ മാസ്റ്റർ
ചരമ വാർഷികം
അനുസ്മരണ സമ്മേളനം
പരിയാരം സെന്ററിൽ
SHARP
PARIYARAM

സി.പത്മനാഭൻ നമ്പ്യാർ അനുസ്മരണ സമ്മേളനം ഐ.എൻ.ടി.യു.സി. ദേശീയ സെക്രട്ടറി കെ.സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

ശബരിമല സ്ത്രീ പ്രവേശനം: ഇടത് ഘടകകക്ഷികൾ നിലപാട് വ്യക്തമാക്കണം: കെ.സുരേന്ദ്രൻ

പരിയാരം: ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് ഇടത് മുന്നണിയിലെ ഘടകകക്ഷികൾ നിലപാട് വ്യക്തമാക്കണമെന്ന് ഐ.എൻ.ടി.യു.സി. ദേശീയ സെക്രട്ടറി കെ. സുരേന്ദ്രൻ ആവശ്യപ്പെട്ടു. ജനവിരുദ്ധ നയങ്ങൾ നടപ്പിലാക്കുന്നതിൽ കേന്ദ്രവും, സംസ്ഥാനവും മത്സരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പരിയാരത്ത് സി.പത്മനാഭൻ നമ്പ്യാർ അനുസ്മരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഡി.സി.സി.സെക്രട്ടറി സുരേഷ് ബാബു ഇളയാവൂർ അനുസ്മരണ പ്രഭാഷണം നടത്തി. പി.വി.സജീവൻ അധ്യക്ഷത വഹിച്ചു. പഞ്ചായത്തംഗം പി. വി.ഗോപാലൻ, വി.വി.സി.ബാലൻ, ബ്ലോക്ക് സെക്രട്ടറിമാരായ സുരേശൻ പാച്ചേനി, പി. വി.രാമചന്ദ്രൻ, വി.വി.രാജൻ, എ. ടി.ജനാർദനൻ, ഐ.വി.കുഞ്ഞിരാമൻ, എ. പി.കെ.ഗിരീഷ്, മധു അമ്മൻകോവിൽ സംസാരിച്ചു.

മാട്ടൂൽ സ്കൂളിൽ ഫുട്ബോൾ അക്കാദമി

കണ്ണൂർ: മാട്ടൂൽ സി.എച്ച് മുഹമ്മദ് കോയ സ്മാരക ഗവ.ഹയർ സെക്കണ്ടറി സ്കൂൾ പി.ടി.എ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാൻ ഫുട്ബോൾ അക്കാദമി ആരംഭിച്ചു. ഇന്ന് വൈകിട്ട് മൂന്നിന് സ്കൂൾ വികസന സമിതി ചെയർമാൻ അൻസാരി തില്ലങ്കേരി അക്കാദമി ഉദ്ഘാടനം ചെയ്യും. ഏഴാം തരം മുതലുള്ള തൽപരരായ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകും. ആഴ്ചയിൽ മൂന്നുദിവസമായിരിക്കും പരിശീലനം. വിദേശ കോച്ചുകളെയും ഭാവിയിൽ പരിശീലനത്തിന് നിയോഗിക്കുമെന്ന് പി.ടി.എ ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പ്രഥമാധ്യാപകൻ കെ.ജയപ്രകാശ്, പി.ടി.എ പ്രസിഡണ്ട് ടി.എ.മുഹമ്മദ്കുഞ്ഞി, എ.വി.അബ്ദുൾ ഖാദർ, പി. മുഹമ്മദ് ഹാരിസ്, സിയാസ് വാർത്താ സമ്മേളനത്തിൽ സംബന്ധിച്ചു.

കാര്യാമ്പലം അയ്യപ്പ ഭജന മഠത്തിലെ ആഴി പൂജ മഹോത്സവത്തിന്റെ ആദ്യ സംഭാവന ഗുരുസ്വാമി പി. പി. ബാബുവിൽ നിന്ന് ആഘോഷക്കമ്മറ്റി ചെയർമാൻ രാഹുൽ ദാമോദരൻ ഏറ്റുവാങ്ങുന്നു

ആഴിപൂജ മഹോത്സവം; സംഭാവന കൈമാറി

തളിപ്പറമ്പ: കാര്യാമ്പലം അയ്യപ്പ ഭജന മഠത്തിലെ ആഴി പൂജ മഹോത്സവത്തിന്റെ ആദ്യ സംഭാവന ഗുരുസ്വാമി പി. പി. ബാബുവിൽ നിന്ന് ആഘോഷക്കമ്മറ്റി ചെയർമാൻ രാഹുൽ ദാമോദരൻ ഏറ്റുവാങ്ങി. പി. പി. ജഗന്നാഥൻ, കെ സന്തോഷ്, കെ സജീവൻ, എം. സജിൽ, കെ മഹേന്ദ്രൻ, എം. വി. മധു, കെ മണികണ്ഠൻ, എം. പ്രകാശൻ, പി. പി. ജസിത്ത്, അനൂപ് സംബന്ധിച്ചു. ഡിസംബർ 22നാണു ആഴിപൂജ മഹോത്സവം.

ഉത്തരമലബാർ പ്രസംഗ മൽസരം 19ന് ആലക്കോട്

ആലക്കോട്: ആലക്കോട് വൈ.എം.സി.എയുടെയും കണ്ണൂർ സബ്റീജിയന്റെയും സംയുക്താഭിമുഖ്യത്തിൽ ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്കായി നവലോക സൃഷ്ടി ഗാന്ധിയൻ ദർശനങ്ങളിലൂടെ എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ഉത്തരമലബാർ പ്രസംഗ മൽസരം 19ന് രാവിലെ പത്തിന് ആലക്കോട് വൈ.എം.സി.എ ഓഫീസിൽ നടക്കും. വിജയികൾക്ക് കാഷ് അവാർഡും ട്രോഫികളും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9447482924, 9447850074.

പെരിഞ്ചല്ലൂർ സംഗീതോത്സവം ഇന്ന് തുടങ്ങും

തളിപ്പറമ്പ: തളിപ്പറമ്പിന്റെ രാവുകൾ ഇന്ന് മുതൽ സംഗീത സാന്ദ്രമാകും. പെരിഞ്ചല്ലൂർ സംഗീതസഭയുടെ ഏഴ് ദിവസം നീണ്ടുനിൽക്കുന്ന നവരാത്രി സംഗീതോത്സവത്തിന് ഇന്ന് തുടക്കമാവും. ഇന്ന് മുതൽ 16 വരെ പി. നീലകണ്ഠൻ അയ്യർ സ്മാരക മന്ദിരത്തിൽ വൈകുന്നേരം 6.30 മുതലാണ് സംഗീതോത്സവം. ഇന്ന് ഡോ. കാഞ്ഞങ്ങാട് രാമചന്ദ്രൻ കച്ചേരി അവതരിപ്പിക്കും. കേരളത്തിലെയും ദക്ഷിണേന്ത്യയിലെയും പ്രമുഖ സംഗീതജ്ഞരാണ് കച്ചേരികൾ അവതരിപ്പിക്കാൻ തളിപ്പറമ്പിലെത്തുന്നത്. മുപ്പത്തിയഞ്ച് കച്ചേരികൾ രണ്ട് വർഷത്തിനുള്ളിൽ പെരിഞ്ചല്ലൂർ സംഗീതസഭ നടത്തിക്കഴിഞ്ഞു.

ചെഗുവേര രക്തസാക്ഷി ദിനാചരണം ഇന്ന്

ആലക്കോട്: ചെഗുവേര രക്തസാക്ഷി ദിനാചരണത്തോടനുബന്ധിച്ച് ഡിവൈഎഫ്ഐ സംഘടിപ്പിക്കുന്ന രക്തസാക്ഷ്യം പരിപാടി ഇന്ന് വൈകുന്നേരം നാല് മണിക്ക് കരുവഞ്ചാലിൽ നടക്കും. ഡി.വൈ.എഫ്.ഐ ജില്ലാ സെക്രട്ടറിയേറ്റംഗം രഞ്ജിത് ഉദ്ഘാടനം ചെയ്യും.

സ്വലാത്ത് വാർഷികവും കൂട്ടുപ്രാർത്ഥനയും

തളിപ്പറമ്പ: ചെനയന്നൂർ മഹല്ല് ജമാഅത്ത് കമ്മിറ്റിയുടെ സ്വലാത്ത് വാർഷികവും കൂട്ടുപ്രാർത്ഥനയും നാളെ രാത്രി ഏഴ് മണിക്ക് ചെനയന്നൂർ ജുമാമസ്ജിദ് പരിസരത്ത് നടക്കും. യഹ്‌യ ബാഖവി പുഴക്കര പ്രഭാഷണം നടത്തും. തുടർന്ന് കൂട്ടുപ്രാർത്ഥനക്കും സ്വലാത്ത് മജ്‌ലിസിനും മാണിയൂർ ഉസ്താദ് നേതൃത്വം നൽകും.

സി.പി.ഐ കാൽനടജാഥ ഉദ്ഘാടനം ചെയ്തു

കരിങ്കയം: മോദിയെ പുറത്താക്കൂ, രാജ്യത്തെ രക്ഷിക്കൂ എന്ന മുദ്രാവാക്യമുയർത്തി സി.പി.ഐ നടത്തുന്ന ദേശീയ പ്രക്ഷോഭത്തിന്റെ ഭാഗമായുള്ള തളിപ്പറമ്പ് മണ്ഡലം കാൽനട ജാഥ കരിങ്കയത്ത് ജില്ലാ സെക്രട്ടറി അഡ്വ.പി.സന്തോഷ്കുമാർ ജാഥാലീഡർ കെ.വി.ബാബുവിന് പതാക കൈമാറി ഉദ്ഘാടനം ചെയ്തു. പ്രഭാകരൻ അധ്യക്ഷത വഹിച്ചു. വി.വി.കണ്ണൻ, പി.വി.ബാബു, ഇ.കുമാരൻ, കെ.വി.ബാബു. എം.വി.ഗോവിന്ദൻ പ്രസംഗിച്ചു.

മത പ്രഭാഷണവും സ്വലാത്ത് മജ്‌ലിസും 12 മുതൽ

തളിപ്പറമ്പ: മുക്കുന്ന് ഖാദിമുൽ ഇസ്‌ലാം ജമാഅത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മത പ്രഭാഷണവും സ്വലാത്ത് മജ്‌ലിസും 12 മുതൽ 15 വരെ മഗ്‌രിബ് നിസ്കാരാനന്തരം നോർത്ത് കുപ്പം ജുമാ മസ്ജിദ് പരിസരത്ത് നടക്കും. 12ന് പ്രളയം പാഠമല്ലേ എന്ന വിഷയത്തിൽ ആബിദ് ഹുദവി തച്ചണ്ണ,13 ന് ബന്ധങ്ങളും കടപ്പാടുകളും എന്ന വിഷയത്തിൽ അബ്ദുൽ ഗഫൂർ മൗലവി കീച്ചേരി, 14ന് വില സുന്ന മക്കളും വിതുമ്പുന്ന മാതാപിതാക്കളും എന്ന വിഷയത്തിൽ ജലീൽ റഹ്മാനി വാണിയന്നൂർ എന്നിവർ പ്രഭാഷണം നടത്തും. 15ന് സ്വലാത്ത് മജ്‌ലിസിനും സമാപന പ്രാർത്ഥനക്കും ആറ്റക്കോയ തങ്ങൾ അൽ അസ്ഹരി നേതൃത്വം നൽകും.

സർഗ്ഗവേദി വീട്ടുമുറ്റ ചർച്ച 14ന്

ആലക്കോട്: സർഗവേദി റീഡേഴ്സ് ഫോറം സംഘടിപ്പിക്കുന്ന വീട്ടുമുറ്റ ചർച്ച 14ന് വൈകുന്നേരം മൂന്ന് മണിക്ക് ആലക്കോട് ടൗണിന് സമീപത്തെ എ.ആർ. ഗീതകുമാരിയുടെ വീട്ടുമുറ്റത്ത് നടക്കും. പ്രശസ്ത കഥാകൃത്ത് വി.എസ്. അനിൽകുമാർ തന്റെ എഴുത്തനുഭവങ്ങൾ പങ്കിടും.

സാനിറ്ററി സർവ്വേ നടത്തി

തളിപ്പറമ്പ: സ്വച്ഛതാ ഹി സേവ പദ്ധതിയിൽ പങ്കുചേർന്ന് കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ തളിപ്പറമ്പ യൂണിറ്റ് ശുചിത്വം തന്നെ സേവനം എന്ന മുദ്രാവാക്യം ഉയർത്തി സാനിറ്ററി സർവേ നടത്തി. ഭക്ഷണം കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾ പാലിക്കേണ്ടതായ ശുചിത്വ പരിപാലന മുറകളെ കുറിച്ച് ബോധവൽക്കരണം നടത്തുകയാണ് ലക്ഷ്യം. ബദരിയ്യാ പ്ലാസ പരിസരത്ത് നഗരസഭാ ചെയർമാൻ അള്ളാംകുളം മഹമൂദ് ഫ്ളാഗ് ഓഫ് ചെയ്തു. പ്രതിപക്ഷ നേതാവ് കോമത്ത് മുരളീധരൻ, ഹെൽത്ത് ഇൻസ്പെക്ടർ പി. പി.സൈജു, കൗൺസിലർമാരായ സി.ഉമ്മർ, എം.വി.വത്സരാജൻ സംബന്ധിച്ചു.

ദുരിതാശ്വാസനിധിയിലേക്കുള്ള പരിയാരം മെഡിക്കൽ കോളേജ് സഹകരണ സംഘം കാന്റീൻ ജീവനക്കാരുടെ സംഭാവന ജില്ലാ ഡെപ്യൂട്ടി കലക്ടർ മുഹമ്മദ് യൂസഫിന് കൈമാറുന്നു

പ്രളയ ദുരിതാശ്വാസം; സംഭാവന കൈമാറി

പരിയാരം: പരിയാരം മെഡിക്കൽ കോളേജ് ഫുഡ് ഹൗസ് സഹകരണ സംഘം കാന്റീൻ ജീവനക്കാർ പ്രളയ ദുരിതാശ്വാസത്തിലേക്ക് സംഭാവന നൽകി. സംഘം ഭരണസമിതി ഒരുലക്ഷം രൂപയും ജീവനക്കാരുടെ സംഭാവനയായ 46,150 രൂപയും ജില്ലാ ഡെപ്യൂട്ടി കലക്ടർ മുഹമ്മദ് യൂസഫിന് സംഘം പ്രസിഡണ്ട് ഡി. പി. ദാമോദരൻ കൈമാറി. എൻ.വി. പ്രവീൺ, പി.കെ. ശ്രീവൽസൻ, പ്രവീൺ നമ്പ്യാർ സംബന്ധിച്ചു.

കേരള സർക്കാർ ദർഘാസുകൾ
01-10-2018 മുതൽ 07-10-2018 വരെ പ്രസിദ്ധീകരിച്ച ദർഘാസുകൾ
പൊതുമരാമത്ത് വകുപ്പ്

ദർഘാസ് : 2018_PWD_234466_2 * Executive Engineer * Supply and Installation of ETABS 17 Network License Software * അവസാന തീയതി : 20-Oct-2018 * അടങ്കൽ : ₹3350000

ദർഘാസ് : 2018_PWD_234146_2 * Executive Engineer * Supply and Installation of additional Video Studio equipment * അവസാന തീയതി : 20-Oct-2018 * അടങ്കൽ : ₹1000000

ദർഘാസ് : 2018_PWD_234247_2 * Executive Engineer * Supply, Installation, Testing and Commissioning of Call Cent * അവസാന തീയതി : 12-Oct-2018 * അടങ്കൽ : ₹1896673

ദർഘാസ് : 2018_PWD_239012_1 * Executive Engineer * Supply and Installation of 62.5KVA Diesel Generator set at R * അവസാന തീയതി : 16-Oct-2018 * അടങ്കൽ : ₹944690

ദർഘാസ് : 2018_PWD_237630_1 * Executive Engineer * PROVIDING EXTRA ITEMS FOR FIRE FIGHTING SYSTEM IN VIYYUR JAI * അവസാന തീയതി : 10-Oct-2018 * അടങ്കൽ : ₹1440408

ദർഘാസ് : 2018_PWD_237985_1 * Executive Engineer * Supply installation testing and commissioning of 20 kVA D.G * അവസാന തീയതി : 11-Oct-2018 * അടങ്കൽ : ₹553671

ദർഘാസ് : 2018_PWD_237556_1 * Executive Engineer * Construction of Type II Quarters in KUHAS Campus Thrissur - * അവസാന തീയതി : 10-Oct-2018 * അടങ്കൽ : ₹697598

ദർഘാസ് : 2018_PWD_202715_2 * Executive Engineer * Electrification to the constructed auditorium for Govt. Poly * അവസാന തീയതി : 15-Oct-2018 * അടങ്കൽ : ₹796716

ദർഘാസ് : 2018_PWD_237153_1 * Executive Engineer * Installation of 2Nos Lifts, 1 Stand by Generator and Fire * അവസാന തീയതി : 15-Oct-2018 * അടങ്കൽ : ₹2485933

ദർഘാസ് : 2018_PWD_237376_1 * Executive Engineer * Providing power connection to the motor in the newly arrange * അവസാന തീയതി : 15-Oct-2018 * അടങ്കൽ : ₹635840

ദർഘാസ് : 2018_PWD_238663_1 * Executive Engineer * Higher secondary Education - Annual Plan- 2015-16 - Infrastr * അവസാന തീയതി : 15-Oct-2018 * അടങ്കൽ : ₹914332

ദർഘാസ് : 2018_PWD_238621_1 * Executive Engineer,PWD BuildingsDivision,Ernakulam * Renovation of the Kerala High Court Advocate Association Con * അവസാന തീയതി : 16-Oct-2018 * അടങ്കൽ : ₹3122403

ദർഘാസ് : 2018_PWD_238869_1 * Executive Engineer * nfrastructure Development for Creation of patient friendly H * അവസാന തീയതി : 20-Oct-2018 * അടങ്കൽ : ₹934065

ദർഘാസ് : 2018_PWD_238849_1 * Executive Engineer * Infrastructure Development for Creation of patient friendly * അവസാന തീയതി : 20-Oct-2018 * അടങ്കൽ : ₹649965

ദർഘാസ് : 2018_PWD_238872_1 * Executive Engineer * LAC ADS Works 2017 18 Urgent Construction works to Chelakkar * അവസാന തീയതി : 20-Oct-2018 * അടങ്കൽ : ₹1298579

ദർഘാസ് : 2018_PWD_238843_1 * Executive Engineer * MLA SDF 2017 18 Construction of Building for Kunnamkulam Gir * അവസാന തീയതി : 20-Oct-2018 * അടങ്കൽ : ₹1448149

ദർഘാസ് : 2018_PWD_238862_1 * Executive Engineer * LAC ADS 2017 18 Construction of Kitchen for Govt U P S Peruv * അവസാന തീയതി : 20-Oct-2018 * അടങ്കൽ : ₹2581493

ദർഘാസ് : 2018_PWD_234662_2 * The Executive Engineer * USR to Munsiff Magistrate Court,Perambra-Providing septic ta * അവസാന തീയതി : 15-Oct-2018 * അടങ്കൽ : ₹723086

ദർഘാസ് : 2018_PWD_230562_2 * EXECUTIVE ENGINEER * LAC-ADS 2017-18- Balussery LAC- Indoor stadium Balussery Gra * അവസാന തീയതി : 11-Oct-2018 * അടങ്കൽ : ₹2216671

ദർഘാസ് : 2018_PWD_234572_2 * The Exeutive Engineer * Renovation works to District Tourism Promotion Council Offic * അവസാന തീയതി : 15-Oct-2018 * അടങ്കൽ : ₹695373

ദർഘാസ് : 2018_PWD_231305_2 * EXECUTIVE ENGINEER * Construction of first floor over existing building and sta * അവസാന തീയതി : 12-Oct-2018 * അടങ്കൽ : ₹3477615

ദർഘാസ് : 2018_PWD_238832_8 * Executive Engineer * SR to family Quarters in DySP Office Compound Perinthalmann * അവസാന തീയതി : 15-Oct-2018 * അടങ്കൽ : ₹895186

ദർഘാസ് : 2018_PWD_238832_6 * Executive Engineer * Providing Utensils Home Appliances and Curtains etc to Res * അവസാന തീയതി : 15-Oct-2018 * അടങ്കൽ : ₹550362

ദർഘാസ് : 2018_PWD_238832_9 * Executive Engineer * Providing Car parking facilities for Teaching and Non Teachi * അവസാന തീയതി : 15-Oct-2018 * അടങ്കൽ : ₹2282761

ദർഘാസ് : 2018_PWD_238832_4 * Executive Engineer * Maintenance Repairing and Painting works of T H S S Vazhakk * അവസാന തീയതി : 15-Oct-2018 * അടങ്കൽ : ₹895871

ദർഘാസ് : 2018_PWD_238832_3 * Executive Engineer * Balance work Construction of Class room building for Govt * അവസാന തീയതി : 15-Oct-2018 * അടങ്കൽ : ₹974728

ദർഘാസ് : 2018_PWD_238832_10 * Executive Engineer * Dismantling the concrete walkway at south side of B Block a * അവസാന തീയതി : 15-Oct-2018 * അടങ്കൽ : ₹1697019

ദർഘാസ് : 2018_PWD_238832_11 * Executive Engineer * Providing facilities and renovation of toilet block at G M C * അവസാന തീയതി : 15-Oct-2018 * അടങ്കൽ : ₹701550

ദർഘാസ് : 2018_PWD_238832_7 * Executive Engineer * Construction of external Bath room Car porch Vehicle shed fo * അവസാന തീയതി : 15-Oct-2018 * അടങ്കൽ : ₹546759

ദർഘാസ് : 2018_PWD_238002_1 * EXECUTIVE ENGINEER * ADS MLA 2017 18 CONSTRUCTION OF JUBILEE HALL AT G U P S EDAT * അവസാന തീയതി : 17-Oct-2018 * അടങ്കൽ : ₹4145073

ദർഘാസ് : 2018_PWD_238580_1 * Executive Engineer PWD Buildings division palakkad * Construction of Toilet complex to GHSS chundabatta * അവസാന തീയതി : 20-Oct-2018 * അടങ്കൽ : ₹1889908

ദർഘാസ് : 2018_PWD_233427_2 * Executive Engineer * W and C Alappuzha - Strengthening of existing RCC water tank * അവസാന തീയതി : 12-Oct-2018 * അടങ്കൽ : ₹999892

ദർഘാസ് : 2018_PWD_234699_2 * Executive Engineer * Urgent Civil works for SITC of lift at Court Complex Haripa * അവസാന തീയതി : 12-Oct-2018 * അടങ്കൽ : ₹599351

വിശദവിവരങ്ങൾ https://etenders.kerala.gov.in സന്ദർശിക്കുക
Ro.No: 01-07/Oct/2018/PRD/4